EM3

053129

കേരള സർക്കാർ

**സംഗ്രഹം**

സഹകരണ വകുപ്പ് - സഹകരണ ആശുപത്രി ജീവനക്കാരുടെ ശമ്പളപരിഷ്കരണം - അപാകത പരിഹരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## സഹകരണ (പാർലമെന്റ്) വകുപ്പ്

സ.ഉ.(സാധാ) നം. 568/2017/സഹ. തീയതി, തിരുവനന്തപുരം, 26.10.2017

---

പരാമർശം :

1. സ.ഉ(പി) നം. 125/2015/സഹ തീയതി 01.10.2015
2. ശ്രീമതി. ബ്ലസി കെ.തോമസ്, ശ്രീമതി. അഞ്ജു മോഹൻ എന്നിവർ 25.10.2016, 07.12.2016 എന്നീ തീയതികളിൽ ബഹു. മുഖ്യമന്ത്രിക്ക് സമർപ്പിച്ച നിവേദനങ്ങൾ
3. 24.08.2017 ലെ ഇ.എം. (3) 15435/17 നമ്പരിലുള്ള സഹകരണ സംഘം രജിസ്ട്രാറുടെ കത്ത്

OFFICE OF THE REGISTRAR OF CO-OPERATIVE SOCIETIES
27 NOV 2017
THIRUVANANTHAPURAM

## ഉത്തരവ്

സഹകരണ ആശുപത്രി ജീവനക്കാരുടെ ശമ്പളവും അലവൻസുകളും പരിഷ്കരിച്ചുകൊണ്ടുള്ള പരാമർശം (1) ലെ സർക്കാർ ഉത്തരവിൽ ബയോകെമിസ്റ്റ്/ഡയാലിസിസ് ടെക്നീഷ്യൻ/ ഡയറ്റീഷ്യൻ/ ഫിസിയോതെറാപ്പിസ്റ്റ്/ ഡെവലപ്പ്മെന്റ് തെറാപ്പിസ്റ്റ്/ ബയോമെഡിക്കൽ ടെക്നീഷ്യൻ/ഹൗസ് കീപ്പിംഗ് സൂപ്പർ വൈസർ/ സാനിറ്ററി ഇൻസ്പെക്ടർ ഗ്രേഡ് 1/സി.എസ്.എസ്.ഡി സൂപ്പർവൈസർ എന്നിവരുടെ ശമ്പള സ്കെയിൽ 7600-18490/-രൂപയും ലാബ് ടെക്നീഷ്യൻ ഗ്രേഡ് 2 ന്റെ ശമ്പള സ്കെയിൽ 8360-19430/- രൂപയും ആണ്. ബയോകെമിസ്റ്റ്/ഡയാലിസിസ് ടെക്നീഷ്യൻ/ഡയറ്റീഷ്യൻ/ ഫിസിയോ തെറാപ്പിസ്റ്റ്/ ഡെവലപ്പ്മെന്റ് തെറാപ്പിസ്റ്റ്/ ബയോ മെഡിക്കൽ ടെക്നീഷ്യൻ/ ഹൗസ് കീപ്പിംഗ് സൂപ്പർവൈസർ/ സാനിറ്ററി ഇൻസ്പെക്ടർ ഗ്രേഡ് 1/സി.എസ്.എസ്.ഡി സൂപ്പർവൈസർ എന്നീ തസ്തികകളുടെ വിദ്യാഭ്യാസ

.........2

യോഗ്യത ബന്ധപ്പെട്ട വിഷയങ്ങളിലെ ബിരുദവും ഡിപ്ലോമയുമാണ്. പ്രസ്തുത തസ്തികകളിൽ നേരിട്ടുള്ള നിയമനമാണ് നടത്തുന്നത്. എന്നാൽ ലാബ് ടെക്നീഷ്യൻ തസ്തികയുടെ വിദ്യാഭ്യാസ യോഗ്യത ലാബ് ടെക്നീഷ്യൻ കോഴ്സാണ്. ഇക്കാരണത്താൽ സഹകരണ ആശുപത്രി ജീവനക്കാരുടെ ശമ്പള പരിഷ്കരണ ഉത്തരവിൽ അനോമലി ഉള്ളതായി കാണുന്നുവെന്ന് സഹകരണ സംഘം രജിസ്ട്രാർ പരാമർശം (3) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ബയോകെമിസ്റ്റ്/ഡയാലിസിസ് ടെക്നീഷ്യൻ/ ഡയറ്റീഷ്യൻ/ ഫിസിയോതെറാപ്പിസ്റ്റ്/ ബയോമെഡിക്കൽ ടെക്നീഷ്യൻ/ ഡെവലപ്പ്മെന്റ് തെറാപ്പിസ്റ്റ്/ ഹൗസ് കീപ്പിംഗ് സൂപ്പർവൈസർ/ സാനിറ്ററി ഇൻസ്പെക്ടർ ഗ്രേഡ് 1/ സി.എസ്.എസ്.ഡി സൂപ്പർവൈസർ തസ്തികകൾക്ക് സർക്കാർ ആശുപത്രികളിലെ ഇതേ തസ്തികകളുടെ ശമ്പള സ്കെയിൽ അനുവദിക്കണം എന്നതാണ് നിവേദനത്തിലെ ആവശ്യം. സർക്കാർ ജീവനക്കാരുടെയും സഹകരണ സ്ഥാപനങ്ങളിലെ ജീവനക്കാരുടെയും സേവനവേതന വ്യവസ്ഥകൾ വ്യത്യസ്തമായതിനാൽ ടി ആവശ്യം പരിഗണിക്കുവാൻ കഴിയില്ലെന്നും എന്നാൽ ബിരുദ വിദ്യാഭ്യാസ യോഗ്യത ആവശ്യമായ മേൽപറഞ്ഞ തസ്തികകളുടെ ശമ്പള സ്കെയിൽ 7600-18490/- എന്നതിൽ നിന്നും ലാബ് ടെക്നീഷ്യൻ ഗ്രേഡ് 2 ന്റെ തൊട്ട് മുകളിലുള്ള ശമ്പള സ്കെയിൽ ആയ 8990-20960/- രൂപയാക്കി ഉയർത്തി അനുവദിക്കാവുന്നതാണെന്നും രജിസ്ട്രാർ ശുപാർശ ചെയ്തിട്ടുണ്ട്.

സഹകരണസംഘം രജിസ്ട്രാറുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ സഹകരണ ആശുപത്രി ജീവനക്കാരുടെ ശമ്പളവും അലവൻസുകളും പരിഷ്കരിച്ചുകൊണ്ടുള്ള സ.ഉ(പി) നം. 125/2015/സഹ തീയതി 01.10.2015 സർക്കാർ ഉത്തരവു പ്രകാരം, ബിരുദ വിദ്യാഭ്യാസ യോഗ്യത ആവശ്യമായ ബയോകെമിസ്റ്റ്/ഡയാലിസിസ് ടെക്നീഷ്യൻ/ ഡയറ്റീഷ്യൻ/ ഫിസിയോതെറാപ്പിസ്റ്റ്/ഡെവലപ്പ്മെന്റ് തെറാപ്പിസ്റ്റ്/ ബയോമെഡിക്കൽ ടെക്നീഷ്യൻ/ ഹൗസ് കീപ്പിംഗ് സൂപ്പർ വൈസർ/ സാനിറ്ററി ഇൻസ്പെക്ടർ ഗ്രേഡ് 1/ സി.എസ്.എസ്.ഡി സൂപ്പർവൈസർ എന്നിവർക്ക് അനുവദിച്ചിട്ടുള്ള ശമ്പള സ്കെയിൽ ആയ 7600-18490/- ൽ നിന്നും ലാബ് ടെക്നീഷ്യൻ ഗ്രേഡ് 2 ന്റെ തൊട്ട് മുകളിലുള്ള

ശമ്പള സ്കെയിൽ ആയ 8990-20960/- ലേക്ക് ഉയർത്തി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

**പി.കെ.ഗോപകുമാർ**
അണ്ടർ സെക്രട്ടറി

1) സഹകരണ സംഘം രജിസ്ട്രാർ, തിരുവനന്തപുരം
2) സഹകരണ സംഘം ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
3) എല്ലാ ജോയിന്റ് രജിസ്ട്രാർമാർക്കും (ജനറൽ)
4) എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും (ആഡിറ്റ്)
5) ഐ & പി.ആർ.ഡി (വെബ് & ന്യൂ മീഡിയ)
6) സെക്രട്ടറി, സംസ്ഥാന സഹകരണ യൂണിയൻ, തിരുവനന്തപുരം
7) കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ